**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2092** **09-02-2023 - ൽ മറുപടിയ്ക്ക്**

**ഉപ്പള ഫയർ സ്റ്റേഷൻ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ കെ എം അഷ്‌റഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഉപ്പള ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിനായി അനുവദിച്ച ഭൂമി ബന്ധപ്പെട്ട വകുപ്പിന് ഏറ്റെടുക്കാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അഗ്നിരക്ഷാ വകുപ്പിന് അനുവദിച്ച മംഗൾപാടി വില്ലേജിലെ റീ.സ.നം.53/2 ൽ പെട്ട 1.5 ഏക്കർ സ്ഥലത്ത് അതിര് നിർണ്ണയിക്കുന്നതിന് റവന്യൂ വകുപ്പ് ശ്രമിച്ചുവെങ്കിലും ഒരുകൂട്ടം തദ്ദേശവാസികൾ ഈ സർവ്വെ നമ്പറിൽ ഉൾപ്പെട്ട കുറച്ചുഭാഗം അളക്കുന്നതിന് തടസ്സം ഉന്നയിച്ചതിനെത്തുടർന്ന് സ്ഥലം അളന്നു തിട്ടപ്പെടുത്തുന്നതിന് സാധിച്ചിട്ടില്ല |
| (ബി) | പ്രസ്തുത ഭൂമി ബന്ധപ്പെട്ട വകുപ്പിന് ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (ബി) | പ്രസ്തുത സ്ഥലം വകുപ്പിന് കൈമാറി ലഭിക്കുന്നതിന് ഫയർ & റെസ്ക്യൂ സർവ്വീസസ് വകുപ്പ് മേധാവി സമർപ്പിച്ച ശുപാർശ സർക്കാർ പരിശോധിച്ചുവരികയാണ്.. |
| (സി) | പ്രസ്തുത ഭൂമി സംബന്ധിച്ച് ലാന്റ് റവന്യൂ കമ്മീഷണർ കാര്യാലയത്തിലുള്ള ഫയലിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് ഫയൽ നമ്പർ സഹിതം വിശദമാക്കുമോ? | (സി) | മുൻ ഉത്തരവ് ഭേദഗതി വരുത്തി തർക്കരഹിതമായ ഭൂമി ഫയർ സ്റ്റേഷൻ നിർമ്മാണത്തിന് അനുവദിക്കുന്നതിനായി എൽ ആർ കെ2/278/23 നമ്പർ ഫയലിൽ 04.02.2023-ന് ലാന്റ് റവന്യൂ കമ്മീഷണർ റവന്യൂ വകുപ്പിന് കത്ത് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ